# കാഴ്ചപരിമിതർക്ക് വേണ്ടിയുള്ള
# സർക്കാർ ഹൈസ്കൂൾ

ഒളശ്ശ പി.ഒ., കോട്ടയം

## മികവിന്റെ കേന്ദ്രം



# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-2026

VISION THROUGH INSIGHT

GOVT. H.S. FOR THE BLIND
Date:..........
OLESSA, KTM-14

ആമുഖം.

സ്വാതന്ത്ര്യാനന്തര ഭാരതത്തിലും, പ്രത്യേകിച്ച് കേരളത്തിലും വിദ്യാഭ്യാസ – സാമൂഹിക – സാംസ്കാരിക മേഖലകളിൽ അഭൂതപൂർവമായ മാറ്റങ്ങൾ ഉണ്ടായി. അതോടൊപ്പം ഭരണാധികാരികളുടെ ദീർഘവീക്ഷണവും സന്ദർഭോചിതവുമായ ഇടപെടൽ മൂലവും കാഴ്ച വൈകല്യം ഉള്ളവരുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കപ്പെടുകയുണ്ടായി. മധ്യതിരുവിതാം കൂറിലെ ആദ്യത്തെ സർക്കാർ അന്ധവിദ്യാലയം 1962ൽ ഒളശ്ശ എന്ന കൊച്ചു ഗ്രാമത്തിൽ പ്രവർത്തനം ആരംഭിച്ചു. 2015 മുതൽ ഈ വിദ്യാലയത്തെ കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടിയുള്ള സംസ്ഥാനത്തെ ഏക സർക്കാർ അന്ധവിദ്യാലയമാക്കി ഉയർത്തുകയുണ്ടായി. കൂടാതെ, ഈ വിദ്യാലയത്തിന്റെ പ്രവർത്തനമികവ് പരിഗണിച്ച് ഈ വിദ്യാലയത്തെ 2023 അധ്യയന വർഷം മുതൽ മികവിന്റെ കേന്ദ്രമായി ഉയർത്തിയിരിക്കയാണ്. ഇതിനോടകം S.S.L.C പരീക്ഷ എഴുതിയ 7 ബാച്ച് കുട്ടികൾ 100% വിജയം കരസ്ഥമാക്കുകയും ഉപരിപഠനത്തിന് അർഹത നേടുകയും ചെയ്തിട്ടുണ്ട്.

സർക്കാരിന്റെ പരിപൂർണ്ണ ഉടമസ്ഥതയിലുള്ള ഈ സ്ഥാപനം ഗവൺമെന്റ് ഉത്തരവ്, ചട്ടങ്ങളുടെയും നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി പ്രവർത്തനങ്ങൾ നിർവഹിച്ചു പോരുന്നു. സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന പൊതുവായ പാഠ്യപദ്ധതി അടിസ്ഥാനത്തിലുള്ള ക്ലാസുകളാണ് ഇവിടെ നൽകിവരുന്നത്. അതോടൊപ്പം തന്നെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയമായതിനാൽ ചില പ്രത്യേക പരിശീലനങ്ങളും ഇവിടെ അധികമായി നൽകുന്നുണ്ട്. ദൈനംദിന ജീവിത നൈപുണികൾ, സെൻസറി ട്രെയിനിംഗ് പ്രത്യേക പഠനോപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശീലനം, പ്രത്യേക റീഡിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള കമ്പ്യൂട്ടർ

പരിശീലനം, സംഗീതം, സംഗീതോപകരണങ്ങളിലുള്ള പരിശീലനം, കൈത്തൊഴിലുകളിലുള്ള പരിശീലനം, മൊബിലിറ്റി ഓറിയന്റേഷൻ എന്നിവയെല്ലാം ഇവിടുത്തെ സവിശേഷതയാണ്.

## ഓഡിയോ ലൈബ്രറി

കുട്ടികളുടെ പഠനവും പൊതുവായനയും പരിപോഷിപ്പിക്കുന്നതിനായി വിവിധ പുസ്തകങ്ങൾ റെക്കോർഡ് ചെയ്യുന്നതിനുള്ള ഓഡിയോ ലൈബ്രറി ഇവിടെ പ്രവർത്തിക്കുന്നു.

## ലാബുകൾ

പ്രത്യേക റീഡിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ ഉൾക്കൊള്ളുന്ന വളരെ ഫലപ്രദമായ ഒരു കമ്പ്യൂട്ടർ ലാബ് ഇവിടെ നിലവിൽ ഉണ്ട്. കൂടാതെ, സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ് തുടങ്ങിയവും, വിവിധ കൺസെപ്റ്റുകളെ കുറിച്ചുള്ള ധാരണ വേഗത്തിൽ സ്വായത്തമാക്കുന്നതിന് ഉപകരിക്കുന്ന ഒരു കൺസെപ്റ്റ് ഫോർമേഷൻ റൂം ഇവിടെ നിലവിൽ ഉണ്ട്.

## ക്ലാസ് മുറികൾ

ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലേക്കുള്ള ക്ലാസ് മുറികൾ പുറമെ സംഗീതം, ഉപകരണസംഗീതം, ക്രാഫ്റ്റ്, ആരോഗ്യ-കായിക മേഖല എന്നിവയിൽ പരിശീലനം നൽകുന്നതിന് ഉതകുന്ന പ്രത്യേക ക്ലാസ്മുറികൾ ഇവിടെ നിലവിലുണ്ട്.

## ലൈബ്രറി

സാധാരണ പുസ്തകങ്ങൾക്ക് പുറമെ നിരവധി ബ്രെയിൽ പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലൈബ്രറിയും ഇവിടെ പ്രവർത്തിച്ച് വരുന്നു.

## സ്കൂൾ വെബ്സൈറ്റ്

വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി, മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെട്ട ഈ വിദ്യാലയത്തിന്റെ സവിശേഷതകൾ ലോകത്തിന്റെ മുന്നിൽ തുറന്നുകാട്ടുന്നതിന് 1/06/2023 മുതൽ

www.blindschoolktm.com എന്ന പേരിൽ ഒരു വെബ് സൈറ്റ് ആരംഭിച്ചു.

## ഹോസ്റ്റൽ / അനുബന്ധ സൗകര്യങ്ങൾ.

സ്കൂൾ കെട്ടിടത്തിന് പുറമേ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി പ്രത്യേകം- പ്രത്യേകം ഹോസ്റ്റലുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് സൗകര്യപ്രദമായ അടുക്കള, സ്റ്റോർ, ഊട്ടുപുര എന്നിവയെല്ലാം നിലവിലുണ്ട്. കൂടാതെ, മാലിന്യസംസ്കരണത്തിനുള്ള സംവിധാനങ്ങൾ, വിവിധ പരിപാടികൾ നടത്തുന്നതിനാവശ്യമായ ഓഡിറ്റോറിയം, HM ക്വാർട്ടേഴ്സ് എന്നിവയും സ്കൂൾ കോമ്പൗണ്ടിൽ തന്നെ നിലകൊള്ളുന്നു.

## ജീവനക്കാർ

പ്രധാനാധ്യാപകന് പുറമെ 9 സ്ഥിര അധ്യാപകർ, 12 താത്കാലിക അധ്യാപകർ, അനധ്യാപക വിഭാഗത്തിൽ 6 സ്ഥിര ജീവനക്കാർ 5 താത്കാലിക ജീവനക്കാർ എന്നിവർ ഈ അധ്യയന വർഷം ഇവിടെ സേവനം അനുഷ്ഠിക്കുന്നു.

## നിർമ്മാണപ്രവർത്തനങ്ങൾ

പൊതുമരാമത്ത് വകുപ്പ്, കോട്ടയം ജില്ലാ പഞ്ചായത്ത്, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, അയ്മനം ഗ്രാമപഞ്ചായത്ത് എന്നിവരുടെ സഹകരണത്തോടെ വൈവിധ്യമായ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും ശുചീകരണ പ്രവർത്തനങ്ങളും നിർവഹിച്ചു വരുന്നു. കൂടാതെ നല്ലവരായ നിരവധി വ്യക്തികളുടെയും സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ക്ലബുകളുടെയും നിരവധി സഹായങ്ങൾ ഇവിടുത്തെ ഈ സ്കൂളിന് ലഭിച്ചുവരുന്നു.

## കലാ-കായിക പ്രവർത്തനങ്ങൾ.

കുട്ടികളുടെ സർവതോന്മുഖമായ വളർച്ചയ്ക്ക് സഹായകമായ വിധത്തിൽ കലാ-കായിക-സാഹിത്യ പ്രവർത്തനങ്ങൾ ഇവിടെ നടത്തിവരുന്നു. എല്ലാ വർഷവും സംസ്ഥാനതലത്തിൽ

നടക്കുന്ന ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ ഇവിടുത്തെ കുട്ടികൾ ഉന്നതവിജയം കരസ്ഥമാക്കാറുണ്ട്. കൂടാതെ എല്ലാ ആഴ്ചയിലും നടത്തപ്പെടുന്ന സാഹിത്യസമാജം കുട്ടികളുടെ കലാസാഹിത്യ വളർച്ചയ്ക്ക് പ്രോത്സാഹനമേകുന്നു. കൂടാതെ റേഡിയോ, ടെലിവിഷൻ എന്നിവ ശ്രവിക്കുന്നതിനും വീക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് ക്രിക്കറ്റ്, ഫുട്ബോൾ എന്നിവ പരിശീലിക്കുന്നതിനായി ഒരു മൈതാനം ഇവിടെ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ നിരവധി ഇൻഡോർ-ഔട്ട്ഡോർ ഗെയിമുകളിലും കുട്ടികൾക്ക് പരിശീലനം നൽകുന്നു.

ബാഹ്യനേത്രങ്ങൾക്ക് വെളിച്ചം നഷ്ടപ്പെട്ടവരുടെ അകക്കണ്ണുകൾക്ക് അറിവിന്റെ വെളിച്ചം പകർന്നുകൊണ്ട് ഈ വിദ്യാലയം പ്രവർത്തനമികവിന്റെ 63 വർഷം പിന്നിട്ടിരിക്കുകയാണ്. ഇവിടുത്തെ പൂർവവിദ്യാർത്ഥികൾ സ്കൂൾ-കോളേജ് തലങ്ങളിൽ അധ്യാപകരായും സർക്കാർ-അർധസർക്കാർ സ്ഥാപനങ്ങളിൽ ജീവനക്കാരായും ജോലി ചെയ്തുവരുന്നു. കലാരംഗത്ത് മികവ് തെളിയിച്ചിട്ടുള്ള പല പ്രതിഭകളെയും സംഭാവന ചെയ്യുവാനും ഈ കലാലയത്തിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ പലർക്കും സ്വയംതൊഴിൽ കണ്ടെത്തി തങ്ങളുടെ കുടുംബത്തിന്റെ താങ്ങും തണലുമായി മാറാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ഏറെ ശ്രദ്ധേയമാണ്.

GOVT. H.S. FOR THE BLIND * OLESSA, KTM-14 *
Date:..........

KURIAN E.J.
Headmaster
Govt. H.S. for the Blind.
Olassa P.O., Kottayam - 14

# അക്കാദമിക മാസ്റ്റർപ്ലാൻ

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നു. കേരളത്തിലെ ഓരോ വിദ്യാർത്ഥികൾക്കും തുല്യതയോടെ അതത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാക്കുകയാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം. വിദ്യാർത്ഥികൾക്ക് ക്ലാസ്മുറികളിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ-കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. ഈ സവിശേഷ വിദ്യാലയത്തിൽ 2025-26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിൽ പ്ലസ്-കരിക്കുലർ പ്രവർത്തനങ്ങൾക്കുള്ള പരിശീലനമാണ് പ്രധാനമായും ഉൾക്കൊള്ളിച്ചിരിക്കുന്നത്. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികവു പുലർത്തുന്നതിന് കാഴ്ചപരിമിതരായ കുട്ടികൾക്ക് പ്ലസ് കരിക്കുലർ പരിശീലനം അത്യന്താപേക്ഷിതമാണ്.

| ഉദ്ദേശ്യം | പ്രവർത്തനം | പൂർത്തീകരിക്കാൻ വേണ്ട മാസം | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| കാഴ്ചപരിമിതി നേരിടുന്ന കുട്ടികൾക്ക് ബ്രെയിൽ പഠനം എളുപ്പമാക്കാനും ബ്രെയിൽ പൂർവ്വശേഷികൾ കൈവരിക്കാനും സഹായിക്കുന്ന തരത്തിൽ പ്രീ-ബ്രെയിൽ പഠനോപകരണ ശില്പശാല സംഘടിപ്പിച്ച് പ്രീ ബ്രെയിൽ കിറ്റ് തയ്യാറാക്കും. ഇതോടെ കുട്ടികൾക്ക് ഒന്നാംക്ലാസ്സ് മുതൽ തന്നെ ബ്രെയിൽ പഠനം തുടങ്ങാൻ സാധിക്കും. | പ്രീ-ബ്രെയിൽ കിറ്റ് നിർമ്മാണം.<br>വിവിധ വസ്തുക്കൾ ഉപയോഗിച്ച് കുട്ടികൾക്ക് സ്പർശിച്ച് തിരിച്ചറിയുന്ന തരത്തിൽ embossed ആയതും eye-hand co-ordination സാധ്യമാകുന്ന തരത്തിലുള്ളതുമായ പ്രീ-ബ്രെയിൽ കിറ്റ് നിർമ്മിക്കും.<br>ഉദാ:- ബ്രെയിൽ സെല്ലിന്റെ വലിയ രൂപമായ ഉപകരണം, അരി ചെറുപയർ, മഞ്ചാടി തുടങ്ങിയവ | 3 മാസം | 2000 | സ്കൂൾ-പി.ടി.എ |

| ഉദ്ദേശ്യം | പ്രവർത്തനം | സമയം | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| കാഴ്ചവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നിത്യജീവിത നൈപുണികളിൽ പരിശീലനം നൽകുന്നു.<br>അനേകാരണങ്ങളുടെ അഭാവത്താൽ, കാഴ്ചവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് നിത്യജീവിത നൈപുണികൾ നേടുന്നതിനുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നു. | × DLS ലാബ്<br>എല്ലാ കുട്ടികളുടെയും നിത്യജീവിത നൈപുണികളും, സാമൂഹികതയും വളർത്തുന്നതിനുള്ള പരിശീലനത്തിന് വ്യത്യസ്തതരത്തിലുള്ള DLS ബോർഡുകൾ നിർമ്മിക്കുന്നു.<br>ഉദാ:- Zip, buttons തുടങ്ങിയ തുണികൾ തുന്നിച്ചേർത്ത് മാതൃകയാക്കി പ്രദർശിപ്പിക്കുന്നു. | 2 മാസം | 3000 രൂ | സ്കൂൾ പി.ടി.എ. |

| ഉദ്ദേശ്യം | പ്രവർത്തനം | സമയം | സാമഗ്രികൾ | റിമാർക്സ് . |
|---|---|---|---|---|
| കാഴ്ചവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്വാതന്ത്ര്യവും , സുഗമവും , സുരക്ഷിതവുമായ സഞ്ചാരം സാധ്യമാക്കുന്നു. ഓറിയന്റേഷന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു. | ഓറിയന്റേഷൻ & മൊബിലിറ്റി പരിശീലനം. <br><br> കുട്ടികൾക്ക് സ്കൂൾ കോമ്പൗണ്ടിനകത്ത് എവിടെയും സ്വതന്ത്രമായും സുരക്ഷിതമായും സഞ്ചരിക്കുന്നതിനുള്ള പരിശീലനം നൽകും. ക്ലാസ് അടിസ്ഥാനത്തിൽ പരിശീലനം നൽകും. 6 മാസ പരിശീലനത്തിനുശേഷം കുട്ടികൾ സ്കൂൾ കോമ്പൗണ്ടിൽ സ്വതന്ത്രമായി സഞ്ചരിക്കുന്ന പ്രവൃത്തനം നടത്തുവാൻ ഉദ്ദേശിക്കുന്നു. | 6 മാസം | — | — |

| ഉദ്ദേശ്യം | പ്രവർത്തനം | സമയം | സാമ്പത്തികം | സ്രോതസ്. |
| --- | --- | --- | --- | --- |
| ജെൻഡർ ഫ്രണ്ട്‌ലി സ്കൂൾ എന്ന ആശയത്തിൽ നിന്ന്, ടോയ്‌ലറ്റുകളും ക്ലാസ് മുറികളും, നടപ്പാതകളും, ഇരിപ്പിടങ്ങളും കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് തിരിച്ചറിയാനുള്ള രീതിയിൽ ആക്കി മാറ്റുന്നു. | ജെൻഡർ ഫ്രണ്ട്‌ലി സ്കൂൾ. കാഴ്ച പരിമിതർ സഞ്ചരിക്കുന്ന സ്കൂളിലെ ആന്തര്യ ഇടങ്ങളിലും ക്ലാസ് മുറികളുടെ ഒക്കെ അവർക്ക് സൗഹൃദ പരമായ അന്തരീക്ഷത്തിലേക്ക് മാറ്റുന്നു. ഉദാ:- തറയിൽ ടാക്ടൈൽ ടൈൽ പതിക്കുന്നു. ക്ലാസ്മുറികളുടെ വാതിലിൽ ബ്രെയിൽ സ്ക്രിപ്റ്റിൽ പേരെഴുതുന്നു തുടങ്ങിയവ | 10 മാസം | | സ്കൂൾ പി.ടി.എ. |

| ഉദ്ദേശ്യം | പ്രവർത്തനം | സമയം | സാമ്പത്തികം | സ്രോതസ്സ് . |
|---|---|---|---|---|
| കാഴ്ച പരിമിതി നേരിടുന്നവരുടെ മേഖലയിൽ പൊതുവെ കാണപ്പെടുന്ന ഒന്നാണ് ഫിസിക്കൽ ഫിറ്റ്നസും വെൽനസും. ഈ പരിമിതി പരിഹരിക്കാൻ ആവശ്യമായ സെൽഫ് ഡിഫൻസിന് ആവശ്യമായ പരിശീലനം അടക്കമുള്ള പ്രവർത്തന പാക്കേജാണ് ഹെൽത്തി സ്റ്റുഡന്റ് | *ഹെൽത്തി സ്റ്റുഡന്റ്:<br>- വ്യായാമങ്ങൾ<br>- കായികപരിശീലനങ്ങൾ<br>- ഇൻഡോർ - ഔട്ട് ഡോർ ഗെയിമുകൾ,<br>- സൂംബ<br>- യോഗാപരിശീലനം<br>- വ്യക്തിശുചിത്വം, സാമൂഹികശുചിത്വം ഇടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കും . | 10 | 10,000 രൂപ | സ്കൂൾ - പി.ടി.എ / സ്പോൺസർഷിപ്പ് . |

| ലക്ഷ്യം | പ്രവർത്തനം | പൂർത്തിയാക്കാൻ വേണ്ട സമയം | സാമ്പത്തികം | സ്രോതസ്. |
| --- | --- | --- | --- | --- |
| ഓരോ വിഷയത്തിനും ആവശ്യമായ പഠനോപകരണങ്ങൾ സ്കൂൾ റിസോഴ്സ് റൂമിൽ ലഭ്യമാക്കും. സമീപപ്രദേശങ്ങളിലെ നിപുണരായ വ്യക്തികളുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ പഠനോപകരണ വർക്ക്ഷോപ്പ് സംഘടിപ്പിക്കും. പരമാവധി lowcost/nocost മെറ്റീരിയൽസ് ഉപയോഗിക്കും. | * TLM ശില്പശാല<br>കാഴ്ചവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ശാസ്ത്ര-ഗണിതശാസ്ത്ര വിഷയങ്ങളിൽ ആശയഗ്രഹണത്തിന് സാധ്യമാകുന്ന പഠനോപകരണങ്ങൾ നിർമ്മിക്കും.<br>ശാസ്ത്രപഠനവും ഗണിതപഠനവും എളുപ്പമാക്കുന്ന adapted materials ഉം tactile and auditory equipments ഉം നിർമ്മിക്കും. | 4 മാസം | 5000 | സ്കൂൾ - പി.ടി.എ. |

| ഉദ്ദേശ്യം | പ്രവർത്തനം | പൂർത്തിയാക്കാൻ വേണ്ട സമയം | സാമ്പത്തികം | സ്രോതസ്സ് |
| --- | --- | --- | --- | --- |
| കാഴ്ചവെല്ലുവിളി നേരിടുന്ന പഠനപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി ആധുനിക അസിസ്റ്റീവ് ഡിവൈസുകളുടെ സേവനം. ഇതിലൂടെ സവിശേഷ വിദ്യാലയത്തിലെ കാഴ്ച വെല്ലുവിളി നേരിടുന്ന എല്ലാ വിദ്യാർഥികളും ഇത്തരം ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള അവസരം നേടുന്നു. | ★ മോഡേൺ സെന്റർ ഓഫ് അസിസ്റ്റീവ് ഡിവൈസസ് നൂം.<br>• നിലവിൽ ലഭ്യമായ ശാസ്ത്ര സംബന്ധിയായ CD കളിൽ നിന്ന് വിവരങ്ങൾ ബ്രെയ്‌ലിലേക്ക് മാറ്റുന്നു.<br>• പുതിയ രീതിയിലുള്ള Geometric kit.<br>• Concept formation devices തുടങ്ങിയ Digital & tactile equipments എന്നിവയും ഉൾപ്പെടുത്തി ആധുനിക രീതിയിലുള്ള പഠന സഹായ മുറി സജ്ജീകരിക്കും. | 4 മാസം | 1 ലക്ഷം | സ്കൂൾ P.T.A |

| ഉദ്ദേശ്യം | പ്രവർത്തനം | പൂർത്തിയാക്കാൻ വേണ്ട സമയം | സാമ്പത്തികം | സ്രോതസ്സ് |
| --- | --- | --- | --- | --- |
| അനായാസ രൂപീകരണ മാതൃകകൾ ഉപയോഗിച്ച് പാഠഭാഗങ്ങളുടെ അനായാസ രൂപീകരണം നടത്തുന്നു | ഉദാ: മൂലകങ്ങളുടെ സംയുക്ത രൂപീകരണം (ബോണ്ടുകൾ മാതൃകയിലേക്ക്)<br>* സ്ഥാനാന്തരം, ദ്രവ്യം എന്നിവ തിരിച്ചറിയുന്നതിനുള്ള മോഡലുകൾ<br>* ദ്രവക മാറ്റം തിരിച്ചറിയുന്ന മോഡൽ<br>* Periodic table ന്റെ Tactile model.<br>* Hydro carbon കളുടെ രൂപീകരണവും ഘടനയും കാണിക്കുന്ന Tactile model | 9 മാസം | 7000/- | സ്പോൺസർ ഷിപ്പ് |

| ലക്ഷ്യം | പ്രവർത്തനം | പൂർത്തിയാക്കാൻ വേണ്ട സമയം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| ലൈബ്രറി, അധിക വായനയ്ക്കുള്ള സാമഗ്രികളുടെ നിർമ്മാണം. പ്രാദേശിക റെക്കോർഡുകൾ ശേഖരം illustrated braille പുസ്തകങ്ങളും തയ്യാറാക്കും. | ★ വായനാ സാമഗ്രികളുടെ നിർമ്മാണം.<br>• പാഠപുസ്തകങ്ങളുടെ ഓഡിയോ (അധ്യാപകരും രക്ഷിതാക്കളും, BEd, T.T.C പരിശീലനാർത്ഥികളും ചേർന്ന്)<br>• അനുബന്ധ പുസ്തകങ്ങൾ<br>- നോവലുകൾ<br>- കഥ / ചെറുകഥ<br>- യാത്രാ വിവരണം<br>- ബാലസാഹിത്യ പുസ്തകങ്ങൾ തുടങ്ങിയവയുടെയും ചോദ്യവിജ്ഞാന സംബന്ധിയായ പുസ്തകങ്ങളുടെയും ഓഡിയോ തയ്യാറാക്കും<br>. Braille പുസ്തകങ്ങളും തയ്യാറാക്കാൻ ശേഖരിക്കും. | 3 മാസം<br><br>3 മാസം | | |

| ലക്ഷ്യം | പ്രവർത്തനം | പൂർത്തിയാക്കാൻ എടുത്ത സമയം | സാമ്പത്തികം | സ്രോതസ്സ് |
| --- | --- | --- | --- | --- |
| സ്കൂളിൽ ലോ വിഷൻ കുട്ടി-കൾക്ക് ഒപ്റ്റിക്കൽ, നോൺ-ഒപ്റ്റിക്കൽ ഉപകരണങ്ങളു-ടക്കം ചെറുത്തിൽ ആവശ്യ-മായ പഠന സൗകര്യങ്ങളും ഒരുക്കുക. | ★ ലോ വിഷൻ ക്ലിനിക് സജ്ജം.<br>ലോവിഷൻ കുട്ടികൾക്ക് ഒപ്റ്റിക്കൽ, നോൺ ഒപ്റ്റിക്കൽ ഉപകരണങ്ങൾ ഒരുക്കും. കൂടാതെ ചുമർ ചിത്രങ്ങളിലൂടെ ഒപ്റ്റിക്കൽ Aids ഉം ഒരുക്കുന്നു. Large Print materials നിർമ്മിക്കും. | 5 മാസം | 25.000/- | സ്കൂൾ പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനം | പൂർത്തിയാക്കാൻ വേണ്ട സമയം | സാമ്പത്തികം | ഉത്തരവാദി |
|---|---|---|---|---|
| സ്കൂൾ തലത്തിൽ ആരംഭിച്ചിട്ടുള്ള ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുകയും തുടർന്ന് സംസ്ഥാന തല മത്സര സ്ഥാനങ്ങളുടെ ശ്രമങ്ങൾ നടത്തുക. ശാസ്ത്രമേള, ഗണിത ശാസ്ത്രമേള, ഐ.ടി മേള, പ്രവൃത്തി പരിചയ മേള തുടങ്ങിയ മേളകളിൽ കുട്ടികളുടെ സാന്നിധ്യം ഉറപ്പാക്കുക. ബുദ്ധിപരമായ സാധ്യതകൾ കുട്ടികളിൽ അന്വേഷണ ത്വര വളർത്തുക. കാഴ്ചവെല്ലുവിളി നേരിടുന്ന കുട്ടികളെയും മുഖ്യധാരയിൽ എത്തിക്കുക. | * മേളകൾ<br>* സ്കൂൾ തലത്തിൽ മേള നടത്തുക<br>* തുടർന്ന് സംസ്ഥാനതലത്തിൽ മേളകളെ സംഘടിപ്പിക്കുന്നതിനായി ശ്രമിക്കുക.<br>* ചെറിയ, വലിയ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുക.<br>* പൊതുവിദ്യാലയങ്ങളിലെ ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യ ശാസ്ത്ര മേളകളിലും മറ്റിതര മത്സരങ്ങൾ ചേരുന്ന പൊതു പരിപാടികളിൽ കുട്ടികളെ പങ്കെടുപ്പിക്കുക. | 5 മാസം | 2000 | സ്കൂൾ. പി. ടി. എ |

# സ്കൂളിന്റെ തനത് പ്രവർത്തനങ്ങൾ

* ഭാഷാ പോഷണ പരിപാടികൾ
* സർഗാത്മക കഴിവുകൾ (കഥ, കവിത, നാടകം)
* ദിനാചരണ പ്രവർത്തനങ്ങൾ
  (ക്വിസ്, പ്രസംഗം, പോസ്റ്റർ തയ്യാറാക്കൽ etc)
* [illegible] ക്ലാസ് (പൊതുവിജ്ഞാനം, മത്സര പരീക്ഷകൾ. etc)
* കരിയർ ഗൈഡൻസ്.
* LSS/USS, മറ്റ് സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള പരിശീലനം.
* കലാവിദ്യാഭ്യാസം.
* കായികമേഖലയിൽ പരിശീലനം.
* [illegible] പ്രോഗ്രാമുകൾ
* വിദഗ്ധരുടെ ക്ലാസുകൾ
* ഫീൽഡ് ട്രിപ്പ്.
* പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ
* പൊതു വ്യക്തികളെ സന്ദർശിക്കുക.
* വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ.
* നല്ല പാഠം പ്രവർത്തനങ്ങൾ
* വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം

* സ്കൂളിന് ചുറ്റോടും, പച്ചക്കറി കൃഷി.
* [illegible] സംരക്ഷണവും.
* [illegible].

GOVT. H.S. FOR THE BLIND
Date:...........
OLESSA, KTM-14

KURIAN E.J.
Headmaster
Govt. H.S. for the Blind,
Olassa P.O., Kottayam - 14